# മുകുളം മാതൃകാപരീക്ഷ -2015

## മലയാളം - അടിസ്ഥാനപാഠാവലി

ക്ലാസ് :- 10

ആകെ സ്കോർ :- 40

സമയം :- 1 1/2 മണിക്കൂർ

- ആകെ 12 ചോദ്യങ്ങളാണ് നൽകിയിരിക്കുന്നത്.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ആദ്യത്തെ 15 മിനുട്ട് ചോദ്യം വായിച്ച് മനസ്സിലാക്കാനുള്ളതാണ്.
- ഉത്തരമെഴുതുമ്പോൾ സമയവും സ്കോറും പരിഗണിക്കണം

1. താഴെ കൊടുത്തിരിക്കുന്ന വാക്യത്തിൽ 'ന' കാരത്തിന് വ്യത്യസ്തമായ ഉച്ചാരണമുള്ള പദം ഏതെന്ന് കണ്ടെത്തി എഴുതുക. (1)

   ആന കാനനത്തിൽ മഴ നനഞ്ഞു.

2. മാതൃകയനുസരിച്ച് മാറ്റിയെഴുതുക (1)

   ശബ്ദക്രമീകരണം - ശബ്ദത്തിന്റെ ക്രമീകരണം

   ആഗമനോദ്ദേശ്യം - ------------------------------

3. താഴെ കൊടുത്തിരിക്കുന്ന വാക്യത്തിൽ അടിവരയിട്ട സാദൃശ്യകല്പനയ്ക്ക് യോജിക്കാത്ത പ്രസ്താവന ഏത്?

   " വിളമ്പാൻ കാത്തുനിന്ന അന്തർജനങ്ങൾ ഗോസായിയെക്കണ്ട പെൺകിടാങ്ങളെപ്പോലെ അടുക്കളമുക്കിൽ ചെന്നൊളിച്ചിരുന്നു" (2)

   a) പിതാവിനെ കണ്ടപ്പോൾ അന്തർജനങ്ങൾ ഭയപ്പെട്ടു.

   b) സഹോദരന്റെ പ്രേരണയിൽ ഇല്ലത്തിലെ കീഴ്വഴക്കം തെറ്റിച്ചതിൽ അന്തർജനങ്ങൾ സംഭ്രമിച്ചു.

   c) യാദൃച്ഛികമായി പിതാവിനെ കണ്ടപ്പോൾ അന്തർജനങ്ങൾ ഓടിയൊളിച്ചു.

   d) അപ്രതീക്ഷിതമായി ഗോസായിയെക്കണ്ട് അമ്പരന്ന് അന്തർജനങ്ങൾ അടുക്കളയിലേക്ക് പിൻവാങ്ങി.

4. താഴെക്കൊടുത്തിരിക്കുന്ന വാക്യങ്ങളിൽ അടിവരയിട്ട പദങ്ങളുടെ പ്രയോഗ വ്യത്യാസം വിശദമാക്കുക.

   * ഞാൻ എന്റെ പല വേദനകളേയും നീന്തിപ്പോന്നത് അങ്ങനെയാണ്

   * ഏഴുമണിക്കൂർ കൊണ്ട് കടലിൽ അയാൾ നീന്തിപ്പോന്നത് പത്തുമൈൽ ആയിരുന്നു. (2)

5. പ്രയോഗവൈകല്യങ്ങളും ഭാഷാപരമായ പോരായ്മകളും പരിഹരിച്ച് വാക്യം മാറ്റിയെഴുതുക. (2)

   ഒരുവശത്ത് ഞങ്ങളുടെ ഭാഷകളെയും സാഹിത്യത്തെ അടിച്ചമർത്തി. മറുവശത്ത് ഇംഗ്ലീഷ് ഭാഷയെ സാഹിത്യത്തെയും ആകാശത്തോളം ഉന്നതിയിലേക്ക് ഉയർത്തുകയും ചെയ്തു.

6. താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക. (4)

- " എന്റെ സ്ളെയ്റ്റിൽ വിടർന്ന വടിവൊറ്റ മഴവില്ല്
  എന്റെ പുസ്തകത്താളിൽ പെറ്റുപെരുകിയ മയിൽപ്പീലി
  എന്റെ ചുണ്ടുകളിലെ മധുരച്ചവർപ്പുറ്റ ഇലഞ്ഞിപ്പഴം
  വഴിയരികിൽ ഞാൻ കേട്ടുവളർന്ന നിരന്തര ഖരഹരപ്രിയ
  സ്വരങ്ങളിലൂടെ തേനും വ്യഞ്ജനങ്ങളിലൂടെ ഇരുന്നുമൊഴുകുന്ന
  അമ്പത്തൊന്നു കമ്പികളുള്ള വീണ"

• " വാക്കുകൾ കൊണ്ടുള്ള കളികളിലൂടെ , കടങ്കഥകളിലൂടെ , പഴഞ്ചൊല്ലുകളിലൂടെ , അക്ഷരങ്ങളുടെ മറിച്ചു ചൊല്ലലുകളിലൂടെ ഭാഷയുടെ വശീകരണശക്തി ഞങ്ങൾക്ക് ഗ്രഹിക്കാൻ കഴിഞ്ഞു. ഉള്ളടക്കത്തിനപ്പുറം വിഹരിക്കുന്ന ഭാഷയുടെ സംഗീതം ഞങ്ങൾ അങ്ങനെ മനസ്സിലാക്കി. ബിംബങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും ഭാഷ ഞങ്ങൾക്ക് ലോകത്തിന്റെ കാഴ്ച സമ്മാനിച്ചു. അവയ്ക്ക് അവയുടെതായ സൗന്ദര്യമുണ്ടായിരുന്നു. അങ്ങനെ വീടും വയലും ഞങ്ങൾക്ക് പ്രാഥമികവിദ്യാലയങ്ങളായി."

സച്ചിദാനന്ദൻ എന്ന കവിയുടെയും ഗൂഗി വാ തിഓംഗോ എന്ന എഴുത്തുകാരന്റെയും ബാല്യകാലാനുഭവങ്ങൾ ഭാഷാപരമായ അനുഭവമായി മാറുന്ന കാഴ്ചയാണ് ഇവിടെ നാം കാണുന്നത്. വരികൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

7. പ്രകൃതിഭാവങ്ങൾ കവികളെ ശക്തമായി സ്വാധീനിക്കുന്നു. എന്നാൽ അവയുടെ ആവിഷ്കാരം വ്യത്യസ്തരീതികളിലാണ് കവിതകളിൽ പ്രതിഫലിക്കുന്നത്. താഴെ കൊടുത്തിരിക്കുന്ന വരികൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക. **(4)**

"കണ്ണീരണിഞ്ഞു കുഗ്രാമ-
ലക്ഷ്മിനോക്കിയിരിക്കവെ
കേവഞ്ചികേറിപ്പോയോണ
വെണ്ണിലാവണിരാവുകൾ." --- പി. കുഞ്ഞിരാമൻനായർ

" നീട്ടുന്ന രാവികൾ വെണ്ണിലാവിന്നില-
ന്നീർക്കുടം: "മൊത്തിക്കുടിപ്പൂ !" ------- ഒ.എൻ.വി.

8. സ്വാഭിപ്രായക്കുറിപ്പ് തയ്യാറാക്കുക. **(4)**

പറയുന്നതും പ്രവൃത്തിക്കുന്നതും യാഥാർത്ഥ്യമായിത്തീരുമ്പോഴാണ് സമൂഹപരിഷ്കരണം അർത്ഥവത്തായിത്തീരുന്നത്.

" കുടുമയും പൂണൂലുമല്ല ബ്രാഹ്മണ്യത്തിന്റെ ലക്ഷണം; ബ്രഹ്മജ്ഞാനമാണ്. ഈശ്വരാഭിമുഖമായി ചെയ്യുന്ന സേവനം ബ്രഹ്മജ്ഞാനത്തിലേക്കുള്ള രാജവീഥിയാണ്."

വി.ടി. യുടെ പിതാവിന്റെ ഈ വാക്കുകളും പ്രവൃത്തിയും വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

9. വിശകലനക്കുറിപ്പ് തയ്യാറാക്കുക. **(4)**

ശുഭാപ്തിവിശ്വാസവും പ്രതീക്ഷയുമാണ് പലപ്പോഴും ദുരന്തമുനമ്പുകളിൽനിന്ന് ജീവിതത്തെ രക്ഷിക്കാൻ പ്രാപ്തമാകുന്ന ഘടകങ്ങൾ. നജീബിന്റെ അനുഭവങ്ങൾ വിശകലനം ചെയ്ത് ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

10. കുറിപ്പ് തയ്യാറാക്കുക. **(4)**

അനുഭവങ്ങളും തൊഴിലിനോടുള്ള മനോഭാവവുമാണ് പലപ്പോഴും ജന്മനാടിനെക്കുറിച്ച് വ്യത്യസ്തമായ കാഴ്ചപ്പാടുകളിലേക്ക് നമ്മെ നയിക്കുന്നത്. താഴെ കൊടുത്തിരിക്കുന്ന വരികൾ പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക.

• "അറിയുമേ ഞങ്ങ,ളറിയും നീതിയും
നെറിയും കെട്ടോരീപ്പിറന്ന നാടിനെ!"

• " ഇവിടെ സ്നേഹിപ്പാ,നിവിടെയാശിപ്പാ,
നിവിടെ ദു : ഖിപ്പാൻ കഴിവതേ സുഖം!"

11. <u>ലഘൂപന്യാസം തയ്യാറാക്കുക.</u> (6)

ജീവിതത്തിന്റെ അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം , പാർപ്പിടം , സംരക്ഷണം . എന്നിവയൊന്നു-മില്ലാത്ത റാണിക്കും ഇവയെല്ലാമുള്ള രമണിക്കും ജീവിതത്തോടുള്ള കാഴ്ചപ്പാട് 'എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ' എന്ന കഥയിൽ എങ്ങനെയാണ് ആവിഷ്കരിക്കുന്നത്?

12. <u>ലഘൂപന്യാസം തയ്യാറാക്കുക.</u> (6)

- ആത്മാവിഷ്കാരത്തിനുള്ള ശക്തമായ മാധ്യമമാണ് ഭാഷ
- സൗന്ദര്യാവിഷ്കാരത്തിന്റെ കുറ്റമറ്റ മാധ്യമമാണ് ഭാഷ.
- പ്രതിരോധത്തിന്റെ മൂർച്ചയുള്ള ആയുധമാണ് ഭാഷ.

മുകളിൽ കൊടുത്തിരിക്കുന്ന പ്രസ്താവനകൾ എത്രമാത്രം അനുയോജ്യമാണെന്ന് 'എന്റെ ഭാഷ ', 'സൗന്ദര്യപൂജ', 'വാക്കിന്റെ കുടെരിയുന്ന' എന്നീ പാഠഭാഗങ്ങളിലെ ആശയങ്ങൾ വിശകലനം ചെയ്ത് ഉപന്യാസം തയ്യാറാക്കുക.

*********************